**നേപ്പാൾ പ്രധാനമന്ത്രി സുശീല് കൊയ്റാലയെ പ്രധാനമന്ത്രി അഭിനന്ദിച്ചു** .

ഫെബ്രുവരി 10, 2014

നേപ്പാൾ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട സുശീൽ കൊയ് യ്റാലയെ പ്രധാനമന്ത്രി അഭിനന്ദിച്ചു . ശ്രീ കൊയ്റാല പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടത് നേപ്പാളിലെ രാഷ്ട്രീയ മാറ്റങ്ങളിൽ ഉണ്ടായ ജനാധിപത്യ നേട്ടങ്ങളുടെ പ്രധാന നാഴികകല്ലാണ് എന്നു തന്റെ സന്ദേശത്തിൽ ഡോ. മൻ മോഹന് സിംഗ് പറഞ്ഞു.

പ്രധാനമന്ത്രി അയച്ച അഭിനന്ദന സന്ദേശത്തിലെ പ്രസക്തഭാഗങ്ങൾ :

"നേപ്പാൾ പ്രധാനമന്ത്രിയെന്ന ഉന്നത പദവിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിന് ഇന്ത്യയിലെ ജനങ്ങളുടെയും ഗവൺമെന്റിനും ഭാഗത്ത് നിന്നും ഞാന് അറിയിക്കുന്ന അഭിനന്ദങ്ങൾ ദയവായി സ്വീകരിച്ചാലും. നേപ്പാളിലെ രാഷ്ട്രീയ മാറ്റങ്ങളുടെ ഭാഗമായി അടുത്തുടയ ജനാധിപത്യ നേട്ടങ്ങൾ ഏകീകരിക്കുന്നതിലും സ്ഥാപിക്കുന്നതിലും സാധിച്ച പ്രധാന നാഴികക്കല്ലിനെ താങ്കളുടെ തെരഞ്ഞെടുപ്പ് പ്രതിനിധീകരിക്കുന്നു .

താങ്കളുടെ അറിവും നേതൃത്വവും നേപ്പാളിൽ സ്ഥിരതയും സാമ്പത്തിക വികസനവും കൂടുതൽ ശക്തിപ്പെടുത്തുമെന്നും അതോടൊപ്പം താങ്കളുടെ രാജ്യത്തെ എല്ലാ ജനങ്ങളുടെയും അഭിലാഷം പ്രതിഫലിക്കുന്നതും വിശാലമായ അഭിപ്രായ സമന്വയത്തിന് സാധ്യമായതുമായത്തിൽ അടിസ്ഥാനപ്പെടുത്തി ഒരു പുതിയ ഭരണഘടനയുടെ പ്രഖ്യാപനത്തിനും ഉതകുന്ന അന്തരീക്ഷം ഉണ്ടാകുമെന്നും എനിക്കുറപ്പുണ്ട്.

നേപ്പാളുമായുള്ള ബന്ധത്തിനു ഇന്ത്യ വളരെ പ്രാധാന്യമാണ് നൽകുന്നത് . വളരെ അടുത്ത അയൽരാജ്യമെന്നതിനാല് വിശേഷമായ സൌഹൃദവും ജീവിതത്തിലെ എല്ലാ മേഖലകളിലും ആഴമുള്ള ബന്ധങ്ങളും നമ്മുടെ ഭാഗ്യങ്ങളുമെല്ലാം പരസ്പരം ഇഴചേർന്നിരിക്കുന്നു . അത് കൊണ്ട് തന്നെ ഞങ്ങൾ , ഇന്ത്യ , സ്ഥിരത, ജനാധിപത്യം , അഭിവൃദ്ധി എന്ന നേപ്പാളിലെ ജനങ്ങളുടെ അഭിലാഷങ്ങള് മാത്രമല്ല , അതോടൊപ്പം ഈ ലക്ഷ്യങ്ങൾ സാധിക്കുക എന്ന നേപ്പാളിലെ ജനങ്ങളുടെയും ഗവൺമെന്റിന്റേയും ലക്ഷ്യങ്ങൾക്ക് നൽകുന്ന പിന്തുണയിൽ ഉറച്ചു നിൽക്കുകയും ചെയ്യും .

ഇരു രാജ്യങ്ങളിലേയും ജനങ്ങൾക്കും നമ്മുടെ മേഖലയ്ക്കും നേട്ടങ്ങൾക്ക് വേണ്ടി ഇരു രാജ്യങ്ങൾക്കുമിടയിലെ പങ്കാളിത്തം കൂടുതൽ ആഴമുള്ളതാക്കുവാൻ വേണ്ട കൂടുതല് നടപടികൾ നമ്മള് തുടരും

അങ്ങയുടെ രാജ്യത്തിന്റെ ചരിത്രത്തിലെ വളരെ നിർണായകമായ വേളയില് പ്രധാനമന്ത്രിയായി അങ്ങ് സ്ഥാനമേൽക്കുമ്പോള് അങ്ങയുടെ വിജയത്തിലും , ശാരീരികമായ ആരോഗ്യത്തിനും ക്ഷേമത്തിനും നേപ്പാളിലെ ജനങ്ങളുടെ ഐശ്വര്യത്തിനും സമാധാനത്തിനും എല്ലാ ആശംസകളും ഞാൻ അറിയിക്കുന്നു

താങ്കൾക്ക് സൌകര്യപ്രദമായ ഒരു അവസരത്തിൽ ഇന്ത്യയിലേക്ക് ക്ഷണിക്കുന്നതിനു ഊഷ്മളമായും സ്നേഹത്തോടെയും ഈ അവസരം ഞാൻ ഉപയോഗിക്കുന്നു ".

**ന്യൂഡെൽഹി**
**ഫെബ്രുവരി , 2014**